**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2387** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ മാതൃകാ അംഗൻവാടി അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാതൃകാ അംഗൻവാടികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | (എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃക അങ്കണവാടി പദ്ധതി പ്രകാരം സ്വന്തമായി 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് മാതൃക അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് യൂണിറ്റ് കോസ്റ്റായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 2019-20 സാമ്പത്തിക വർഷം മുതൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിച്ചതിനാൽ നിലവിൽ മാതൃക അങ്കണവാടി കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിച്ചു വരുന്നില്ല. സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് [10, 7.5, 5, 3, 3 (slopping terrain), 1.25 cent] അനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സ്ഥലവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും ലഭ്യമാകുന്ന അങ്കണവാടികൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് സർക്കാർ അനുമതിയ്ക്ക് വിധേയമായി നിർമ്മാണാനുമതി നൽകുന്നു. |
| (ബി) | ഒറ്റപ്പാലം മണ്ഡലത്തിൽ മാതൃകാ അംഗൻവാടി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഒരു മാതൃകാ അംഗൻവാടി അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ബി) | (ബി) ഒറ്റപ്പാലം മണ്ഡലത്തിലെ തച്ചനാട്ടുക്കര ഗ്രാമ പഞ്ചായത്തിലെ 152-ാം നമ്പർ അങ്കണവാടിയ്ക്ക് വകുപ്പ് വിഹിതമായി 17 ലക്ഷം രൂപയും എം.എൽ.എ വിഹിതമായി 6.75 ലക്ഷം രൂപയും ചേർത്ത് ആകെ 23.75 ലക്ഷം രൂപ വിനിയോഗിച്ച് മാതൃക അങ്കണവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ